II.ഇ.ബി. XII--കേരള നിയമസഭ/XI-1

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂൺ 22, തിങ്കൾ

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2009 ജൂൺ മാസം 22-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, മാവേലി സ്റ്റോറുകളിലൂടെ ഗുണനിലവാരം ഉറപ്പാക്കി മാത്രം സാധനങ്ങൾ വിൽപ്പന നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെന്നും ഇതിനായി പരിശോധനാ വിഭാഗങ്ങളുടേയും വിജിലൻസ് സ്ക്വാഡുകളുടേയും പ്രവർത്തനം ശക്തിപ്പടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എല്ലാ ജില്ലകളിലുമുള്ള ക്വാളിറ്റി അഷ്വറൻസ് മാനേജർ ഗുണനിലവാരം പരിശോധിക്കുകയും അതിനുശേഷം ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി വിതരണയോഗ്യമെന്ന് ഉറപ്പാക്കുകയും ചെയ്യുന്ന സാധനങ്ങളാണ് വിൽപ്പന നടത്തുന്നത്. ഇതിനു പുറമേ ഗുണനിലവാരം ഉറപ്പാക്കാൻ

ആവശ്യമായ സംവിധാനവും വിജിലൻസ് സ്ക്വാഡും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പരിശോധനാ വിഭാഗങ്ങൾ യഥാസമയം പരിശോധനയും മിന്നൽ പരിശോധനയും നടത്തുന്നുണ്ട്. വിപണനം ചെയ്യുന്ന എല്ലാ സാധനങ്ങളുടേയും ഗുണനിലവാര വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയ ആഹാരസാധനങ്ങൾ മാത്രമേ വിപണനം ചെയ്യുന്നുള്ളൂ. വ്യാപാരവും വിൽപ്പനശാലയും വെടിപ്പായും ശുചിത്വത്തോടെയും ആയിരിക്കണമെന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വിൽപ്പനശാലകളിലും പരാതി പുസ്തകം സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ ഹെഡ് ഓഫീസ് തലത്തിൽ ഒരു പരാതി സെൽ പ്രവർത്തിക്കുന്നുമുണ്ട്. ഫോൺ മുഖേനയോ, ഇൻർനെറ്റ്, തപാൽ വഴിയോ ഈ സെല്ലിലേയ്ക്ക് പരാതി അയയ്ക്കാൻ കഴിയുന്നതാണ്. ഇതിനു പുറമേ ഒരു ക്വാളിറ്റി അപ്പെക്സ് കമ്മിറ്റിയും, ക്വാളിറ്റി സ്പെസിഫിക്കേഷൻ റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഗുണനിലവാരം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ മറ്റ് വൻകിട സ്വകാര്യ ചില്ലറ വിൽപ്പന ശൃംഖലകളിലുള്ളതിനെ അപേക്ഷിച്ച് ഇപ്പോൾ വളരെ കുറവാണ്. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിന് നൽകുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണക്കാർക്ക് താങ്ങാവുന്ന തരത്തിൽ അവശ്യ സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്ക്കരിച്ചു. 40 ശതമാനം വരെ വിലക്കുറവിൽ അവശ്യസാധനങ്ങളും എം.ആർ.പി.യേക്കാൾ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ

സാധനങ്ങളും വിതരണം ചെയ്യുന്നു. ഉപഭോക്താക്കളോട് സൗഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസ്സിലാക്കിക്കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാവേലി സ്റ്റോറുകളിൽ പുതിയ 520 തസ്തികകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പനശാലകൾ തുടങ്ങുന്നതിനും കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്ന രീതിയിൽ 4 ലക്ഷം രൂപയിൽ കൂടുതൽ വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ചു. സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവിടങ്ങളിൽ ട്രോളി, റാക്കുകൾ എന്നിവ ഏർപ്പെടുത്തുകയും വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. തെരഞ്ഞടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളും, പീപ്പിൾസ് ബസാറുകളും ഞായറാഴ്ചയും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വിൽപ്പനശാലകൾക്കും പുതിയ ബോർഡുകൾ സ്ഥാപിച്ച് ആകർഷകമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 59 മാവേലി സ്റ്റോറുകളും 37 സൂപ്പർ മാർക്കറ്റ്/പീപ്പിൾസ് ബസാറുകളും 43 മെഡിക്കൽ സ്റ്റോറുകളും 2 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ഓരോ ഡിപ്പോയ്ക്കും പ്രത്യേക ധനകാര്യ മാനേജ്മെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിയോഗം എന്നിവകൊണ്ട് അഴിമതിരഹിതമായ ഒരു പ്രർത്തനാന്തരീക്ഷം ഉറപ്പിക്കാൻ സാധിച്ചു. കോർപ്പറേഷൻ ആവിഷ്ക്കരിച്ച പുതിയ ഇൻവെന്ററി നയം, കഴിഞ്ഞ 3 മാസത്തെ ശരാശരി വിൽപ്പന, ആവശ്യകത, ഉപഭോഗം

എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പുവരുത്തുകയും പർച്ചേസിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി ഇ-ടെൻഡർ, ഇ-പെയ്മെന്റ് ട്രാൻസ്പോർട്ടേഷൻ മോഡൽ കണക്കാക്കി കുറഞ്ഞവില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നുവരികയും ചെയ്യുന്നു. അതോടൊപ്പം 50 മാവേലി സ്റ്റോറുകളും 250 സൂപ്പർ മാർക്കറ്റുകളും 25 മാവേലി മെഡിക്കൽ സ്റ്റോറുകളും ഇക്കൊല്ലം തുടങ്ങുന്നതാണ്. നഗരങ്ങളേയും മുനിസിപ്പൽ കോർപ്പറേഷനുകളേയും കേന്ദ്രീകരിച്ച് 5 മൊബൈൽ മാവേലി സ്റ്റോറുകൾകൂടി പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 250 മാവേലി സ്റ്റോറുകളാണ് സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുള്ളത്. മുംബൈ കേരളാ ഹൗസിൽ സപ്ളൈകോ വിൽപ്പനശാല തുടങ്ങുന്നതിനും ഗൾഫ് നാടുകളിൽ സപ്ലൈകോ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി മദ്ധ്യകിഴക്കൻ മേഖലാ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും വിപണന സാദ്ധ്യത പഠിച്ച് പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സപ്ലൈകോയ്ക്ക് കേന്ദ്രസർക്കാർ സഹായം നൽകുന്നില്ല. അടുത്തകാലത്തായി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ചുകൊണ്ട് ചില സാധനങ്ങൾക്ക് വിലക്കയറ്റമുണ്ടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജില്ലാകളക്ടർമാരുടേയും വകുപ്പദ്ധ്യക്ഷന്മാരുടേയും യോഗം അടിയന്തിരമായി വിളിച്ചുകൂട്ടി കമ്പോളത്തിൽ ഇടപെട്ടുകൊണ്ട് വിലനിലവാരവും സ്റ്റോക്കും എങ്ങനെയാണെന്ന് പരിശോധിക്കാനും അവ മോണിറ്റർ ചെയ്യാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. അതിന്റെ

അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് സംയുക്ത റെയ്ഡുകൾ നടത്തിയതിന്റെ ഫലമായി എൽ.പി.ജി., മണ്ണെണ്ണ, പഞ്ചസാര, ഗോതമ്പ്, അരി തുടങ്ങിയ സാധനങ്ങൾ കണ്ടെടുക്കുകയും 23 പേരെ അറസ്റ്റ് ചെയ്യുകയും നാലുപേരെ പ്രോസിക്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കമ്പോളത്തിൽപോയി ഒരു പൊതുമേഖലാ സ്ഥാപനം നിത്യോപയോഗ സാധനങ്ങൾ സംഭരിച്ചുകൊണ്ടുവരുന്നതിലെ ഗുരുതരമായ പ്രശ്നം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും എഫ്.സി.ഐ.പോലുള്ള സ്ഥാപനങ്ങൾ നിത്യോപയോഗസാധനങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എഫ്.സി.ഐ.യുടെ കണക്കുപ്രകാരം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച അരിയുടെ നൂറുശതമാനവും കേരളം എടുത്തിട്ടുണ്ട്. റെയിൽവേയുടെ സഹകരണക്കുറവുകൊണ്ട് ആന്ധ്രയിൽ നിന്നുമുള്ള അരിലഭ്യത നിലച്ചിരുന്നത് കേന്ദ്ര റെയിൽവേ സഹമന്ത്രി ഇടപെട്ട് പുന:സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിൽ രണ്ടുരൂപയുടെ അരി വിതരണം ചെയ്യുന്നതോടുകൂടി പൊതുവിതരണ രംഗത്തെ അരിയുടെ വിലക്കയറ്റം നിയന്ത്രണ വിധേയമാകുന്നതാണ്. നിലവിലുള്ള 20 ലക്ഷം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും ആദിവാസികൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, സ്വാശ്രയ സമിതിയിലെ അംഗങ്ങൾ തുടങ്ങി ആറുലക്ഷം പേരെ ഇതിലുൾപ്പെടുത്തി മൊത്തം 26 ലക്ഷം പേർക്കാണ് രണ്ടുരൂപയുടെ അരി നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്കു താഴെവരുന്ന കയർ തൊഴിലാളികളെക്കൂടി പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണ്. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളെ

ബി.പി.എൽ പട്ടികയിലുൾപ്പെടുത്തി രണ്ടു രൂപയുടെ അരി കൊടുക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. രണ്ടുരൂപയുടെ അരി റേഷൻകടകൾ വഴി അർഹതപ്പെട്ട എല്ലാവർക്കും കിട്ടുന്നു എന്ന് ഉറപ്പുവരുത്താനുള്ള നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്. ഒരു പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 250 റേഷൻകടകളുടെ നവീകരണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക മാറ്റിവച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള 52 കോടി രൂപയുടെ പ്രോജക്ട് അനുവദിക്കുന്നതോടുകൂടി കേരളത്തിലെ 14,000 റേഷൻ കടകൾ ആധുനികവൽക്കരിക്കാൻ കഴിയും. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന റീസർവ്വേ പൂർത്തിയാകുന്നതോടുകൂടി എ.പി..എൽ/ബി.പി.എൽ കാർഡുകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കാൻ കഴിയുന്നതാണ്. സപ്ലൈകോ മാർക്കറ്റുകളിൽ ഇപ്പോൾ മൂന്നുമാസത്തേയ്ക്കുള്ള ബഫർ സ്റ്റോക്ക് ഉണ്ട്. അവയ്ക്ക് പൊതുമാർക്കറ്റിലേക്കാൾ താരതമ്യേന വില കുറവാണ്. മാവേലി സ്റ്റോറുകൾ, സപ്ലൈകോ എന്നിവിടങ്ങളിൽ നിന്നും സാധാരണഗതിയിൽ പരിധി നിശ്ചയിക്കാതെയാണ് സാധനങ്ങൾ കൊടുത്തിരുന്നത്. ഇത് ദുരുപയോഗം ചെയ്യപ്പെടുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയതിനെത്തുടർന്ന് ചില കേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഓണക്കാലത്തെ ഇന്റന്റ് ഇപ്പോൾത്തന്നെ കണക്കാക്കി അതനുസരിച്ച് സാധനങ്ങൾ സ്റ്റോക്ക് ചെയ്യാനും വിപുലമായ തോതിൽ പീപ്പിൾസ് ബസാറുകൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. അതുവഴി വിലനിയന്ത്രിക്കാൻ കഴിയും. മത്സ്യഫെഡിന്റെ വില്പന-വിതരണ കേന്ദ്രങ്ങളുമായി സംയോജിച്ചുകൊണ്ട് സപ്ലൈകോയ്ക്ക് മത്സ്യമാർക്കറ്റിൽ

ഇടപെടാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. തീര-മൈത്രി സംഘങ്ങളുടെ ഉല്പന്നങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. ഈ വർഷം ഇതുവരെ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 105 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. പെരിങ്ങളം മണ്ഡലത്തിലെ മൊകേരിയിൽ അനുവദിച്ച മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും ചിറ്റൂർ മണ്ഡലത്തിലെ ലാഭം മാർക്കറ്റിൽ ഗുണമേന്മ കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്യുന്നതുസംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2(*2) <u>ഹൈടെക് ഫാം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൃത്രിമ ഹൃദയ വാൽവ് നിർമ്മാണത്തിനുവേണ്ടി യുള്ള ടിഷ്യൂ ഉല്പാദിപ്പിക്കുവാനുള്ള കുളത്തൂപ്പുഴയിലെ ഹൈടെക് ഫാമിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു എന്ന് സഭയെ അറിയിച്ചു. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെയും സംയുക്ത സംരംഭമായ ഈ പ്രത്യേക പദ്ധതിക്കുവേണ്ടി 73.98 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി പ്രകാരമുള്ള ആദ്യ ടിഷ്യൂ കളക്ഷൻ 2009 ജൂൺ-ജൂലൈ മാസത്തോടെ ആരംഭിക്കും. പൂർണ്ണമായും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്സിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ ഫാമിൽ വൈദഗ്ദ്ധ്യം ലഭിച്ച ആളുകൾ നിരവധി പരീക്ഷണങ്ങളും ഗവേഷണങ്ങളും

നടത്തിയാണ് ഇത് കണ്ടെത്തിയിട്ടുള്ളത്. ആറുമാസം പ്രായമായ പശുക്കുട്ടിയുടെ വെയിൻ കട്ട് ചെയ്ത് കൊടുക്കുന്നത് മാത്രമാണ് കെ.എൽ.ഡി ബോർഡ് ചെയ്യുന്നത്. വാൽവ് പൂർണ്ണമായും നിർമ്മിക്കുന്നത് ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്സിലെ ആളുകളാണ്. ഇത്തരത്തിൽ നിർമ്മിക്കുന്ന കൃത്രിമ വാൽവ് 10,000 മുതൽ 15,000 രൂപവരെ വിലയ്ക്ക് സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുമെന്നാണ് സയന്റിസ്റ്റുകളുമായി ആലോചിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഇത് വളരെ ഉപകാരപ്രദവും ലോകത്തുതന്നെ വലിയ മാറ്റത്തിന് കാരണമാകാൻ കഴിയുന്നതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ വളരെവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ ഫാമിലേയ്ക്ക് മെഷിനറി വരുത്തുന്നതിനായി ഗ്ലോബൽ ടെണ്ടർ കൊടുത്തുകഴിഞ്ഞതായി ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3(*3) <u>ഭവന വായ്പ എഴുതിത്തള്ളൽ</u>

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, ദുർബല വിഭാഗക്കാർക്കുവേണ്ടി 1977 മുതൽ 1997 വരെ ഭവന നിർമ്മാണ ബോർഡ് വഴി നടപ്പാക്കിയ 12 പദ്ധതികളിലും ജില്ലാ കളക്ടർമാർ മുഖേന നടപ്പാക്കിയ മൂന്ന് പദ്ധതികളിലും ഗുണഭോക്താക്കൾ അടയ്ക്കേണ്ടുന്ന മൊത്തം കുടിശ്ശികത്തുകയും എഴുതിത്തള്ളി പ്രമാണങ്ങൾ തിരികെ നല്കാൻ 20-5-2009-ൽ ഉത്തരവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ വികസന അതോറിറ്റികൾ 1996-ന് മുമ്പ് ദുർബ്ബല വരുമാന വിഭാഗ ക്കാർക്ക് വേണ്ടി നല്കിയ ഭവന വായ്പാ കുടിശ്ശികകളും എഴുതിത്തള്ളുന്ന തിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പിന് നല്കിയിട്ടുണ്ട്. ഈ പദ്ധ തിയുടെ പ്രയോജനം ഉദ്ദേശം 41,500 കുടുംബങ്ങൾക്ക് ലഭിക്കുമെന്നാണ്

കണക്കാക്കുന്നത്. മുതൽ, പലിശ ഇനങ്ങളിൽ മൊത്തം 183 കോടി രൂപ യുടെ ബാദ്ധ്യതയാണ് എഴുതിത്തള്ളുന്നത്. വായ്പ എഴുതിത്തള്ളുന്നവരുടെ പ്രമാണങ്ങൾ ജൂലൈ മാസം 31-ാം തീയതിക്കു മുൻപ് തിരികെ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 1997 മുതലുള്ള കാലയളവിൽ ഹൗസിംഗ് ബോർഡിന്റെ ഭവനവായ്പയെടുത്തിട്ടുള്ള ദുർബ്ബല ജന വിഭാഗങ്ങൾക്ക് ഇപ്പോൾത്തന്നെ ചില ഇളവുകളുണ്ട്. അവ പൂർണ്ണമായി റൈറ്റ് ഓഫ് ചെയ്യാൻ ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി അനുവദിക്കുന്നില്ല. വായ്പ തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാത്ത ഇടത്തരക്കാരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കുവേണ്ടി ഒ.ടി.എസ്. പദ്ധതി നടപ്പിലാക്കുകയും 24,288 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഏകദേശം 108 കോടിയോളം രൂപയുടെ തിരിച്ചടവ് വന്നിട്ടുണ്ട്. ഒരിക്കൽക്കൂടി ഒ.ടി.എസ്. നീട്ടുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. മൈത്രി സ്കീം അനുസരിച്ച് മുപ്പത്തയ്യായിരം രൂപ വരെ ഭവന വായ്പ എടുത്ത ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ടവർക്ക് മുതലും 50 ശതമാനം പലിശയും ഒഴിവാക്കാൻ ഇപ്പോൾത്തന്നെ നിർദ്ദേശമുണ്ട്. അതിനു പുറമെ ഗുണ ഭോക്താവ് മരിക്കുകയോ, കുടുംബത്തിൽ ആർക്കെങ്കിലും ക്യാൻസർ രോഗം പിടിപെടുകയോ, 50 ശതമാനം അംഗവൈകല്യം സംഭവിക്കുകയോ ചെയ്തി ട്ടുണ്ടെങ്കിൽ അത്തരം കുടുംബങ്ങൾക്കെല്ലാം മുതൽ മാത്രം അടച്ചുകൊണ്ട് ബാദ്ധ്യത തീർക്കാനുള്ള നിർദ്ദേശം നൽകുകയും അത് മൂന്ന് മാസ ഗഡുക്ക ളായി അടയ്ക്കാനുള്ള ആനുകൂല്യം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൊന്നും ഉൾപ്പെടാത്തവർക്ക് ഒ.ടി.എസ്.-ന് എല്ലാ ഇളവും അനുവദി ച്ചിട്ടുണ്ട്. സ്വന്തമായി സ്ഥലവും സഹായിക്കാൻ സന്നദ്ധ സംഘടനക

ളുമുണ്ടെങ്കിൽ ദുർബ്ബല ജനവിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 25,000 രൂപവരെ നൽകുന്ന ഹൗസിംഗ് ബോർഡിന്റെ സുരക്ഷ പദ്ധതി നിലവിലുണ്ട്. ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള രണ്ട് കോടിയിൽപ്പരം രൂപ ഉപ യോഗപ്പെടുത്തി സുരക്ഷ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതിയനുസരിച്ച് നിർമ്മിച്ച വീടുകൾ കൈമാറ്റം ചെയ്യപ്പെടുകയും ഇപ്പോൾ അതിൽ പാർക്കുകയും ചെയ്യുന്നവരുടെ കാര്യത്തിൽ പഞ്ചായത്തുകളുടെ സ്ക്രൂട്ടിണിക്കുശേഷം അർഹതപ്പെട്ടവരാണെന്ന് കണ്ടാൽ അവരെ സഹായിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. ഓരോ വികസന അതോറിറ്റിയിൽ നിന്നും വായ്പ എടുത്തവരുടെ പട്ടിക പരിശോധിച്ച് അവ റീഷെഡ്യൂൾ ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വി.എച്ച്.പി. സ്കീമിൽപ്പെട്ടവരെ സഹായിക്കുന്നതിന് എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കുന്ന താണെന്നും 1977-നും 1997-നും ഇടയിൽ വായ്പ എടുത്ത ഗൃഹനാഥൻ മരണപ്പെട്ട് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെ വായ്പ എഴുതിത്തള്ളുന്ന കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോർപ്പേറേഷനിൽ നിന്നും ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്കർ എടുത്ത വായ്പ എഴുതിത്തള്ളുന്നതിന് ഒരു സ്കീം ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ടെന്ന് ഒരു ചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലൻ അറിയിച്ചു.

4(*4) <u>പ്രവാസിക്ഷേമം</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായി പ്രവാസികാര്യ വകുപ്പ് നടപ്പിലാക്കിയ 'സാന്ത്വന' എന്ന പദ്ധതിയിൻകീഴിൽ താഴ്ന്ന വരുമാനക്കാർക്ക് ഒറ്റത്തതവണയായി ധനസഹായം നൽകിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നിർദ്ധനരായ പ്രവാസി കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനും അപകടങ്ങളിൽ പരിക്കേറ്റ് ഗുരുതരാവസ്ഥയിൽ കഴിയുന്ന പ്രവാസി കേരളീയരെ തിരികെ കൊണ്ടുവരുന്നതിനും സഹായം നൽകുന്നതിനുമായി 'എമർജൻസി റിപാട്രിയേഷൻ ഫണ്ട്' രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിദേശത്തുവച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്ന ചെലവ് നിബന്ധനകൾക്ക് വിധേയമായി വഹിക്കാൻ 'കാരുണ്യം' എന്ന പേരിൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ എന്ന പരിശീലന പരിപാടിയും നടപ്പിലാക്കിവരുന്നു. പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്രവാസികൾക്ക് ഒരു ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്. വിദേശത്ത് വച്ച് ജയിലിലാവുകയോ, കാണാതാവുകയോ, കഷ്ടപ്പെടുകയോ ചെയ്യുന്ന പ്രവാസി മലയാളികളെ തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസി മലയാളികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾക്കും അവരുടെ സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ അതാത് ജില്ലാ കളക്ടർ/പോലീസ് സൂപ്രണ്ട് മുഖേന സ്വീകരിച്ചുവരുന്നു. പ്രവാസി

കേരളീയരുടെ ക്ഷേമനിധിക്ക് രൂപം നൽകുകയും പ്രസ്തുത നിധിയെ സംബന്ധിക്കുന്ന പദ്ധതിയും ചട്ടങ്ങളും ഇതിനകം പുറപ്പെടുവിക്കുകയും ഓഫീസ് സ്ഥാപിച്ച് സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേമനിധിയിൽ 17-06-2009 വരെ 2150 പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസായ 4,30,000 രൂപ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായിട്ടുണ്ട്. കോർപ്പസ് ഫണ്ടായി സർക്കാർ മൂന്ന് കോടി രൂപ നൽകിയിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടേയുള്ളു. ആനുകൂല്യത്തിന് അർഹനാവാനുള്ള കാലയളവും കൂടാതെ ആവശ്യമായ സ്റ്റാഫും ആവശ്യമെങ്കിൽ ജില്ലാതല ഓഫീസുകളും നിലവിൽ വന്നതിനുശേഷം മാത്രമേ ആനുകൂല്യ വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കാനാവൂ. വരുംകാലങ്ങളിൽ ഇതിന്റെ നടത്തിപ്പ് അവലോകനം ചെയ്ത് ആവശ്യമെങ്കിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ യഥാകാലം സ്വീകരിക്കുന്നതാണ്. അർഹരായ എല്ലാ പ്രവാസികൾക്കും ഈ ക്ഷേമനിധിയിൽ അംഗമായി ചേരാവുന്നതാണ്. ഇതിൽ അംഗങ്ങളായി ചേരുന്നവർക്ക് സംഖ്യ അടയ്ക്കുന്നതിനുള്ള എല്ലാ സൗകര്യവും ഗവൺമെന്റ് ലഭ്യമാക്കുന്നതാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് പഠനം തുടരാൻ കഴിയാതെ നാട്ടിലെത്തുന്ന പ്രവാസി മലയാളികളുടെ മക്കൾക്ക് ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്യുന്നതാണ്. മടങ്ങിവരുന്ന പ്രവാസി മലയാളികളുടെ കുട്ടികൾക്കുവേണ്ടി ഒരു ഇന്റർനാഷണൽ സ്കൂൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽനിന്ന് റഷ്യയിലേയ്ക്ക്

പോയ വിദ്യാർത്ഥികൾ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അവരെ രക്ഷിച്ച് തിരികെ എത്തിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യാൻ പരിശ്രമിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 231 വരെയുള്ള ചോദ്യങ്ങളിൽ 123 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

...........